ഹരിജനക്ഷേമവകുപ്പിൽനിന്നും അനുവദിച്ച വീടുകൾ.

177. [6] ശ്രീ. പി. സി. ആദിച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1957 മുതൽ താഴെ പറയുന്ന താലൂക്കുകളിലെ ഓരോ പഞ്ചായത്തിലും ഹരിജനക്ഷേമവകുപ്പിൽനിന്നും അനുവദിച്ച വീടുകൾ എത്ര വീതമുണ്ട് ; ഇവയിൽ 800 രൂപായുടെതെത്ര ; 1000 രൂപായുടെതെത്ര ;
1. നെയ്യാറ്റിൻകര 2. തിരുവനന്തപുരം 3. ചിറയിൻകീഴ് 4. നെടുമങ്ങാട്

(ബി) ഈ താലൂക്കിലെ ഓരോ പഞ്ചായത്തിലും അനുവദിച്ചിട്ടുള്ള വീടുകൾ ഏതേതു് സമുദായത്തിൽ പെട്ടവർക്കാണു് ?

ഉത്തരം

(എ, ബി) വിശദവിവരങ്ങൾ അടങ്ങിയ ലിസ്റ്റ് * മേശപ്പുറത്തു വെച്ചിട്ടുണ്ടു്.

മാവേലിക്കര ഹരിജനക്ഷേമവകുപ്പിൽനിന്നും അനുവദിച്ച വീടുകൾ.

178. [7] ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര താലൂക്കിൽ ഓരോ പഞ്ചായത്തിലും 1957 മുതൽ ഹരിജനക്ഷേമവകുപ്പിൽനിന്നും അനുവദിച്ച വീടുകൾ എത്ര ;

(ബി) അവയിൽ 800 രൂപായുടെതെത്ര ; 1000 രൂപായുടെതെത്ര ;

(സി) ഓരോ പഞ്ചായത്തിലും അനുവദിച്ച വീടുകൾ ഏതേതു് സമുദായത്തിൽ പെട്ടവർക്കാണു് ?

ഉത്തരം

(എ) പട്ടിക മേശപ്പുറത്തു വച്ചിട്ടുണ്ടു്. †

(ബി) 23 വീടുകൾക്കു് 800 രൂപാ വീതവും 35 വീടുകൾക്ക് 1000 രൂപാ വീതവും അനുവദിച്ചു.

(സി) പട്ടിക മേശപ്പുറത്തു വച്ചിട്ടുണ്ടു്. †

കൊല്ലം താലൂക്കിലേക്കു് ഹരിജനക്ഷേമവകുപ്പിൽ നിന്നും അനുവദിച്ച വീടുകൾ.

179. [8] ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൊല്ലം താലൂക്കിലുള്ള ഓരോ പഞ്ചായത്തിലും 1957 മുതൽ ഹരിജനക്ഷേമ വകുപ്പിൽ നിന്നും അനുവദിച്ചിട്ടുള്ള വീടുകൾ എത്ര വീതമുണ്ടു് ?

---

* Placed in the library.

† Appendix X

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം.

ഓരോ പഞ്ചായത്തിനും അനുവദിച്ചിട്ടുള്ള വീടുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

പരവൂർ	2
പൂതക്കുളം	7
പാത്തനാപുരം	1
കല്ലുവാതുക്കൽ	1
ആദിച്ചനല്ലൂർ	2
മൈനാഗപ്പള്ളി	3
തൃക്കോവിൽമഠം	5
മയ്യനാട്	5
ഇരവിപുരം	2
വടക്കേവിള	2
കൊറ്റംകര	3
ശക്തികുളങ്ങര	2
തൃക്കടവൂർ	7
തൃക്കരുവാ	7
കിളികൊല്ലൂർ	4
മുളവന	7
പെരിനാട്	4
കിഴക്കേകല്ലട	3
മൺറോത്തുരുത്ത്	1
ആകെ	79

പത്തനാപുരം താലൂക്കിൽ ഹരിജനക്ഷേമവകുപ്പിൽ നിന്നും അനുവദിച്ച വീടുകൾ.

180. [9] ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനാപുരം താലൂക്കിൽ ഓരോ പഞ്ചായത്തിലും 1957 മുതൽ ഹരിജനക്ഷേമവകുപ്പിൽ നിന്നും അനുവദിച്ച വീടുകൾ എത്ര ;

(ബി) അവയിൽ 800 രൂപായുടെതെത്ര ; 1000 രൂപായുടെതെത്ര ;

(സി) ഓരോ പഞ്ചായത്തിലും ഏതേതു് സമുദായത്തിൽപ്പെട്ടവർക്കാണു് അനുവദിച്ചിട്ടുള്ളതു് ?

ഉത്തരം

(എ) പട്ടിക മേശപ്പുറത്തു് വച്ചിട്ടുണ്ടു്. *

(ബി) 29 വീടുകൾക്കു് 800 രൂപായും 28 വീടുകൾക്കു് 1000 രൂപായും വീതം അനുവദിച്ചു.

(സി) എ. വിഭാഗം ചോദ്യത്തിന്റെ ഉത്തരത്തിൽ പറഞ്ഞിട്ടുള്ള പട്ടിക നോക്കുക.

* Appendix XI

LIBRARY ARCHIVES Kerala Legislative Assembly